# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 649

19.03.2013ൽ
മറുപടിക്ക്

### ലോഡ് ഷെഡ്ഡിംഗ് മൂലം നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) അനിയന്ത്രിതമായ പവർകട്ടും ലോഡ് ഷെഡ്ഡിംഗും കാരണം ലാഭകരമായി പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) ഈ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ)&(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നും തന്നെ പവർകട്ടും ലോഡ് ഷെഡ്ഡിംഗും കാരണം ഇതുവരെ നഷ്ടത്തിലായിട്ടില്ല. എന്നാൽ പ്രവർത്തന ലാഭത്തിൽ കുറവു വന്നിട്ടുണ്ട്. |
| സി) വൈദ്യുതി പ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ പൊതുമേഖലാവ്യവസായങ്ങളുടെ നിലനിൽപ്പിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി)&(ഡി) വൈദ്യുതി പ്രതിസന്ധിമൂലം ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധന ഉൽപ്പാദനത്തിലെ മറ്റു ഘടകങ്ങളെ ക്രമീകരിച്ച് പരമാവധി കുറയ്ക്കുന്നതിനും, പൊതുമേഖലാസ്ഥാപനങ്ങളിൽ സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ